## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2263** **11-6-2018 - ൽ മറുപടി നൽകേണ്ടിയിരുന്നത്**

### കുപ്പിവെള്ള വിപണനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.കെ.ശശി :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്ത് കുപ്പിവെള്ളം (ഒരു ലിറ്റർ തുടങ്ങി മറ്റു ജാറുകൾ ഉൾപ്പെടെ) വിപണനം നടത്തുന്നത് എത്ര രൂപ നിരക്കിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.ഐ.ഐ.ഡി.സി) ഉൽപ്പന്നമായ 'ഹില്ലി അക്വ' എന്ന പേരിലുള്ള കുപ്പിവെള്ളത്തിന്റെ എം.ആർ.പി. ചുവടെ ചേർക്കുന്നു.<br>1 ലിറ്റർ കുപ്പിവെള്ളം - 15 രൂപ<br>2 ലിറ്റർ കുപ്പിവെള്ളം - 20 രൂപ<br>300 മില്ലി ലിറ്റർ കുപ്പിവെള്ളം - 10 രൂപ<br>സ്വകാര്യ കമ്പനികൾ ഒരു ലിറ്റർ വെള്ളത്തിന് 20 രൂപ വരെ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുപ്പിവെള്ളത്തിന് ആശ്രയിക്കുന്ന ജലസ്രോതസ്സുകൾ എതെല്ലാമെന്നും ഒരു ലിറ്റർ കുപ്പിവെള്ളം ശേഖരിക്കുന്നതിനും കുപ്പികളിലാക്കുന്നതിനുമുള്ള ചെലവ് എത്രയെന്നും ഇതിൽ കമ്പനികൾക്ക് ലഭിക്കുന്ന ലാഭം എത്രയെന്നും വ്യക്തമാക്കുമോ; | (ബി) യും (സി) യും | ചോദ്യങ്ങൾ ലീഗൽ മെട്രോളജി അനുശാസിക്കുന്ന നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ പരിധിയിൽ ഉൾപ്പെടില്ല. |
| (സി) സംസ്ഥാനത്താകെ കുപ്പിവെള്ളം വിപണനം നടത്തുന്ന കമ്പനികൾ എത്രയെന്നും ഇവയിൽ ഗുണനിലവാര സർട്ടിഫിക്കറ്റ് ഉള്ളവ എത്രയെന്നും ഗുണനിലവാര സർട്ടിഫിക്കറ്റ് ഇല്ലാത്ത എത്ര കമ്പനികൾ കുപ്പിവെള്ളം വിപണനം നടത്തി ലാഭം കൊയ്യുന്നു എന്നും വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | കുപ്പിവെള്ള കമ്പനികളെ നിയന്ത്രിക്കാനും കുറഞ്ഞ നിരക്കിൽ കുടിവെള്ളം ലഭ്യമാക്കാനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദാംശം ലഭ്യമാക്കാമോ; | (ഡി) | കുപ്പിവെള്ള വില നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് കുപ്പിവെള്ളത്തെ അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഇ) | സർക്കാർ ഉത്തരവ് പാലിക്കാതെ, അമിത വില ഈടാക്കി കുപ്പിവെള്ളം വിപണനം നടത്തുന്നത് തടയുവാനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും എത്രപേരെ കുറ്റക്കാരായി കണ്ടെത്തി എന്നും വ്യക്തമാക്കാമോ? | (ഇ) | കഴിഞ്ഞ രണ്ടു വർഷ കാലയളവിനുള്ളിൽ എം.ആർ.പി. യേക്കാൾ അധിക വില ഈടാക്കിയതിന് സംസ്ഥാനത്താകെ 90 കേസുകൾ ലീഗൽ മെട്രോളജി വകുപ്പ് രജിസ്റ്റർ ചെയ്യുകയും പിഴയിനത്തിൽ 5,17,000/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ